LIBRARY ARCHIVES Kerala Legislative Assembly

ലയബിലിറ്റി ഗ്രൂപ്പിന് 50,000 രൂപവരെ ധനസഹായം അനുവദിക്കുന്നുണ്ട്. ഇത്തരത്തിൽ ഒൻപതുലക്ഷം രൂപ പലിശരഹിത വർക്കിംഗ് ക്യാപ്പിറ്റൽ റിവോൾവിംഗ് ഫണ്ടായി അരുർ ഭാഗത്തെ 18 ഗ്രൂപ്പുകൾക്ക് ഇതിനോടകം അനുവദിച്ചിട്ടുണ്ട്. മത്സ്യഫെഡ് വഴിയും ധാരാളം കാര്യങ്ങൾ നടത്തിക്കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് പീലിംഗ് മേഖലയിൽ പണിയെടുക്കുന്ന സ്ത്രീ തൊഴിലാളികളുടെ അവസ്ഥ ഇതെല്ലാമാണെങ്കിലും ആശാവഹമല്ല. തൊഴിലിടങ്ങളിലെ ഭൗതിക സാഹചര്യങ്ങളുടെ കുറവും കുറഞ്ഞ വേതനവും ഇടനിലക്കാരുടെ ചൂഷണവും ഇന്നും ഈ മേഖലയിലെ പ്രധാന പ്രശ്നങ്ങളാണ്. ഇതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വകുപ്പിനെ പ്രത്യേകം ചുമതലപ്പെടുത്തിയിട്ടുണ്ട്. ഒരു മാസത്തിനകം റിപ്പോർട്ട് കിട്ടും. ഉന്നത നിലവാരത്തിൽ പീലിംഗ് ഷെഡുകളെ ഉയർത്തി ചൂഷണം അവസാനിപ്പിച്ച് ഈ മേഖലയെ ശക്തിപ്പെടുത്തുമെന്ന കാര്യത്തിൽ ഉറപ്പ് നൽകുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

(9) ഡയാലിസിസ് സൗകര്യം വർദ്ധിപ്പിക്കൽ

ശ്രീ. പി. ജെ. ജോസഫ്: സർ, തൊടുപുഴ ജില്ലാ ആശുപത്രിയിൽ 29 പേർക്കാണ് ഇപ്പോൾ ഡയാലിസിസ് നടത്തിക്കൊണ്ടിരിക്കുന്നത്. അത് ഇരട്ടിയാക്കാനുള്ള നിർദ്ദേശമാണ് ഞാൻ മുന്നോട്ടുവയ്ക്കുന്നത്. പതിമൂന്ന് ഡയാലിസിസ് മെഷീനുകളാണ് അവിടെയുള്ളത്. ഒരേ സമയം പതിനൊന്ന് മെഷീനുകളാണ് ഉപയോഗിക്കുന്നത്. ഒരു മെഷീൻ കോവിഡ് ബാധിതർക്കായി മാറ്റിവച്ചിരിക്കുകയാണ്. ഡയാലിസിസ് കേന്ദ്രത്തിന്റെ അനുബന്ധ ഉപകരണമായ പുതിയ Reverse Osmosis Water Treatment Plant സ്ഥാപിക്കുന്നതിനുള്ള നടപടി നടന്നുവരികയാണ്. ഡയാലിസിസ് നടത്തുന്നതിനായി അമ്പതിലധികം പേർ വെയിറ്റിംഗ് ലിസ്റ്റിലുണ്ട്. വർഷങ്ങളുടെ കാത്തിരിപ്പാണ് മിക്കവർക്കും വേണ്ടിവരുന്നത്. ഒരു നെഫ്രോളജിസ്റ്റിന്റെയും ഒരു ഡയാലിസിസ് ടെക്നീഷ്യന്റെയും തസ്തിക സൃഷ്ടിച്ചാൽ ഇരട്ടിയിലധികം പേർക്ക് ഡയാലിസിസ് നടത്താനാകും. സാധാരണക്കാരായ നിരവധിപേർക്ക് ആശ്വാസമാകും. ഒരു നെഫ്രോളജിസ്റ്റിന്റെയും ഒരു ഡയാലിസിസ് ടെക്നീഷ്യന്റെയും തസ്തിക അടിയന്തരമായി സൃഷ്ടിക്കണമെന്നാണ് ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഇടുക്കി ജില്ലയുടെ പ്രത്യേകതകൾ കണക്കിലെടുക്കുമ്പോൾ വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ബഹുമാന്യനായ അംഗം ഇവിടെ ഉന്നയിച്ചിരിക്കുന്നത്. തൊടുപുഴ താലൂക്കാശുപത്രി 2015-ലാണ് ജില്ലാ ആശുപത്രിയായി ഉയർത്തിയത്. ഈ

LIBRARY ARCHIVES Kerala Legislative Assembly

ആശുപത്രിയിൽ 144 അംഗീകൃത ബെഡ്ഡുകളാണ് അനുവദിച്ചിട്ടുള്ളത്. കോവിഡിന് മുമ്പ് പ്രതിദിനം ശരാശരി 1200-ഓളം ഒ.പി.യും, ഈ കോവിഡ് കാലയളവിൽ പ്രതിദിനം അറുന്നൂറോളം ഒ.പി.യുമുണ്ട്. കൂടാതെ, ഐ.പി. വിഭാഗത്തിൽ പ്രതിദിനം ശരാശരി നൂറ് രോഗികളെ ചികിത്സിക്കുന്നുണ്ട്. ഈ ആശുപത്രിയിൽ 137 തസ്തികകൾ അനുവദിച്ചിട്ടുള്ളതിൽ 50 എണ്ണം ഡോക്ടർമാരുടേതാണ്. ഇവിടെ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരിക്കുന്ന വിഷയം ഡയാലിസിസുമായി ബന്ധപ്പെട്ടതാണ്. അദ്ദേഹം പറഞ്ഞ യൂണിറ്റുകളുടെ എണ്ണം കറക്ടാണ്. അതിൽ 275 ഡയാലിസിസ് ആണ് ശരാശരി ഒരു വർഷം ഇപ്പോൾ നല്കുന്നത്. ഇപ്പോൾ അവിടെയൊരു ആർ.ഒ. പ്ലാന്റിന്റെ ഇൻസ്റ്റലേഷനുള്ള നടപടി സ്വീകരിച്ചുവരികയാണ്. അതുകൂടി വന്നാൽ നമുക്ക് അടുത്തൊരു ബാച്ച് കൂടി അനുവദിക്കാൻ സാധിക്കും. അമ്പതുപേർ വെയിറ്റിംഗ് ആണെന്നാണ് പറഞ്ഞത്. അപ്പോൾ അവരെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് ഡയാലിസിസിന്റെ സൗകര്യം ലഭ്യമാക്കുന്നതിന് കഴിയും. അതുപോലെതന്നെ ഇതുമായി ബന്ധപ്പെട്ട് നിലവിൽ എൻ.എച്ച്.എം-ന്റെ സ്റ്റാഫ് നഴ്സ്, ഡയാലിസിസ് ടെക്നീഷ്യൻ, എച്ച്.എം.സി. സ്റ്റാഫ് നഴ്സ് എന്നിങ്ങനെ അഞ്ച് ജീവനക്കാർ താല്കാലികമായി പ്രവർത്തിച്ചുവരുന്നുണ്ട്. നെഫ്രോളജി കൺസൾട്ടന്റിന്റെ ഒരു തസ്തിക സൃഷ്ടിക്കാൻ കഴിയുമോയെന്ന കാര്യം ഗൗരവമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(10) തസ്തിക സൃഷ്ടിക്കൽ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, എന്നും അവഗണന ഏറ്റുവാങ്ങാൻ വിധിക്കപ്പെട്ടവരാണ് കാസർഗോഡ് ജില്ലയിലെ ജനങ്ങൾ. കാസർഗോഡ് ജില്ലയെ അവഗണിക്കുന്ന കാര്യത്തിൽ ഇവിടെ പലരും മത്സരിക്കുകയാണ്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ആ മത്സരത്തിൽനിന്നും മാറിനിൽക്കണമെന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന. അങ്ങ് അവഗണിക്കപ്പെടുന്നവരുടെ വേദന മനസ്സിലാക്കാൻ പറ്റുന്ന ഒരു മന്ത്രിയാണ്. ജനപ്രതിനിധിയാകുന്നതിനുമുമ്പ് പാവപ്പെട്ടവർക്കുവേണ്ടി അങ്ങ് തൂലിക ചലിപ്പിച്ചിട്ടുണ്ട്. അങ്ങയുടെ ശബ്ദം അതിനായി വിനിയോഗിച്ചിട്ടുണ്ട്. ഞാൻ ഇവിടെ പറയാൻ പോകുന്നത് കാസർഗോഡ് ജില്ലയിൽ അമ്പതോളം ലാബ് ടെക്നീഷ്യന്മാർ ഇപ്പോൾ പി.എസ്.സി. ലിസ്റ്റിൽ ഇടംനേടി നിയമനത്തിനുവേണ്ടി കാത്തിരിക്കുകയാണ്. അതിൽ പ്രായപരിധി കഴിഞ്ഞയാളുകളുണ്ട്. പരീക്ഷയെഴുതാൻ ഇനിയൊരു അവസരം കിട്ടാത്ത ആളുകളുമുണ്ട്. പി.എസ്.സി. റാങ്ക് പട്ടികയിലുള്ളവരുടെ നീണ്ടനിര തന്നെയുണ്ടെങ്കിലും ജില്ലയിൽ ആവശ്യത്തിനനുസരിച്ച് തസ്തികകൾ ഇതുവരെ സൃഷ്ടിക്കപ്പെട്ടിട്ടില്ല. കാസർഗോഡ് ജനറൽ ആശുപത്രിയിൽ നിലവിൽ പി.എസ്.സി.യുടെ നാല് തസ്തികകളുണ്ട്. അതിൽ രണ്ട് എണ്ണത്തിൽ മാത്രമാണ് നിയമനം നടത്തിയിട്ടുള്ളത്. പക്ഷേ, 24 മണിക്കൂറും പ്രവർത്തിക്കുന്ന